സർവകലാശാലകളും ഉണ്ടാകേണ്ടിവരുന്നുണ്ടത്രേ. ഈ പ്രവൃത്തിഭാരം പകുതിയെങ്കിലുമായി കുറയ്ക്കാതെ, ഈ സർവകലാശാലകൾ കാര്യക്ഷമമായി പ്രവർത്തിക്കുമെന്ന പ്രതീക്ഷിച്ചുകൂടാ.

പ്രീഡിഗ്രി വിദ്യാഭ്യാസത്തെ ഹയർ സെക്കണ്ടറി വിദ്യാഭ്യാസമായി മാററുന്നതിനും, അതിന്റെ ചുമതല സർവ്വകലാശാലകളിൽനിന്നെടുത്തുമാററി സക്കാരിന്റെ നിയന്ത്രണത്തിൽ സർവകലാശാലകളുടെ സഹകരണത്തോടെ പ്രവർത്തിക്കുന്ന ഹയർ സെക്കണ്ടറി ബോർഡിൽ നിക്ഷേപിക്കുന്നതിനും, ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിൽ തൊഴിൽ പരിചയത്തിനുള്ള സംവിധാനമുണ്ടാക്കുന്നതിനും, നല്ല നിലയിൽ പ്രവർത്തിക്കുന്ന ഹൈസ്കൂളുകളിൽ ഹയർ സെക്കണ്ടറി ക്ലാസ്സുകൾ ആരംഭിക്കുന്നതിനും കേരളാ ഗവണ്മെൻറ് തയ്യാറാവേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസത്തിന്റെ മർമപ്രധാനമായ ഘട്ടത്തിലുള്ള ഈ പുനഃസംരചനയെപ്പററി വിദ്യാർത്ഥികളും അദ്ധ്യാപകരും രക്ഷിതാക്കളും സക്കാരും ഗാഢമായി ചിന്തിക്കുകയും, ഫലപ്രദമായ നടപടികൾ യഥാകാലം കൈക്കൊള്ളുകയും ചെയ്യുമെന്നു് ആശിക്കുന്നു.

(24 ജൂൺ, 1982)

## 96. ക്വിസ്

ഇംഗ്ലീഷ് ഭാഷയ്ക്കു് അമേരിക്കക്കാർ നല്കിയ സംഭാവനകളിലൊന്നാണു് 'ക്വിസ്' എന്ന വാക്കു്. കിറുക്കൻ, അസാധാരണമട്ടുകാരൻ, പപ്രച്ഛൻ എന്നൊക്കെയായിരുന്നു ആ വാക്കിന്റെ ആദ്യത്തെ അർത്ഥം. പിന്നീടു് അതിനു് ചോദ്യം ചോദിക്കുക, പരീക്ഷിക്കുക, പരിഹസിക്കുക, കാലുവാരുക, ചതിക്കുക എന്നൊക്കെ അർത്ഥമുണ്ടായി. 'ചോദ്യാവലി' (ക്വസ്റ്റ്യനയർ) എന്ന അർത്ഥത്തിലും ഈ പദം പ്രയോഗിക്കാൻ തുടങ്ങി. ഇപ്പോൾ, പ്രത്യേകിച്ചും വിദ്യാഭ്യാസപരമായ സന്ദർഭത്തിൽ, 'ക്വിസ്' എന്ന പദം ഉപയോഗിക്കുന്നതു് വേഗത്തിൽ നടത്തുന്ന 'വാചികപരീക്ഷ' (ക്വിസ് ഓറൽ ടെസ്റ്റ്) എന്ന അർത്ഥത്തിലാണു്.

വിദ്യാഭ്യാസത്തിന്റെ മൂല്യം നിർണയിക്കുന്നതു് വർഷാവസാനത്തിൽ നടത്തുന്ന എഴുത്തുപരീക്ഷയെ മാത്രം ആശ്രയിച്ചായിരിക്കരുതെന്നും, മൂല്യനിർണയനം ഒരു നിരന്തരപ്രക്രിയയായിരിക്കണമെന്നും, ആഭ്യന്തര മൂല്യനിർണയനത്തിനു ബാഹ്യപരീക്ഷകളോടൊപ്പമെങ്കിലും പ്രാധാന്യം നൽകണമെന്നുമുള്ള വാദഗതികൾ പ്രാബല്യമാർജിച്ചപ്പോൾ ആഭ്യന്തര മൂല്യനിർണയനത്തിലുള്ള പല ഉപാധികളിൽ ഒന്നെന്ന നിലയിൽ, വിദ്യാഭ്യാസപദ്ധതിയിൽ 'ക്വിസ്' ബഹുമാന്യമായ ഒരു സ്ഥാനം നേടിയെടുത്തു.

മുമ്പു പറഞ്ഞതുപോലെ, 'ശീഘ്രഗതിയിലുള്ള ഒരു വാചികപരീക്ഷ'യാണു് ക്വിസ്. ലിഖിതപരീക്ഷയെ അപേക്ഷിച്ചു് വാചികപരീക്ഷയ്ക്കു ചില മെച്ചങ്ങളുണ്ടു്. ഒന്നാമതു്, വാചികപരീക്ഷയ്ക്കു വളരെ കുറച്ചു സമയമേ ആവശ്യമുള്ളു. ചോദ്യക്കടലാസുണ്ടാക്കുക, അച്ചടിച്ചോ, സൈക്ലോസ്റ്റൈൽചെയ്തോ അതിന്റെ ആവശ്യമുള്ളത്ര പ്രതികൾ തയ്യാറാക്കുക, കുട്ടികൾക്കു് ചോദ്യക്കടലാസു് കൊടുത്തു് അവരെക്കൊണ്ടു് ഉത്തരമെഴുതിക്കുക, ഉത്തരങ്ങൾ വായിച്ചു മാർക്കിടുക ഇതെല്ലാം ഏതു ലിഖിതപരീക്ഷയ്ക്കും കൂടിയേ തീരൂ. ഇവ ഓരോന്നിനും ധാരാളം സമയവും അദ്ധ്വാനവും ആവശ്യമാണുതാനും. വാചികപരീക്ഷയ്ക്കാണെങ്കിൽ,

അദ്ധ്യാപകൻ ചോദ്യം തയ്യാറാക്കുകയും ചോദിക്കുകയും ഉത്തരം കേട്ടു മാർക്കിടുകയുമേ വേണ്ടൂ. എല്ലാം കൂടി ഏതാനും മണിക്കൂറുകൾക്കകം തീരും. അതിനാൽ വാചികപരീക്ഷകൾ ക്ലാസ്സുകളിൽ കൂടെക്കൂടെ നടത്തുക സാധ്യമാണ്. ലിഖിതപരീക്ഷ വല്ലപ്പോഴുമൊരിക്കലേ നടത്താനാവൂ.

രണ്ടാമത്, ക്വിസ് ഒരു സാമൂഹ്യപ്രക്രിയയാണ്. ക്ലാസ്സിന്റെ മുഴുവൻ പങ്കാളിത്തത്തോടെയാണ് അതു നടത്തുന്നത്. ക്വിസ്സിൽ ഒരു കുട്ടിയോടു ചോദിക്കുന്ന ചോദ്യം എല്ലാ കുട്ടികളും ശ്രദ്ധിക്കുന്നു. ഒരു കുട്ടിയുടെ ഉത്തരം, തെറ്റോ, ശരിയോ ആകട്ടെ, എല്ലാവരുടേയും വിചിന്തനത്തിനു വിഷയമാകുന്നു. അതിനാൽ, ഒരു മൂല്യനിർധാരണപ്രക്രിയയെന്നപോലെ, ഒരുപക്ഷേ, അതിലേറെ, ഒരു അദ്ധ്യാപനപ്രക്രിയകൂടിയാണ് ക്വിസ്.

മൂന്നാമത്, വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ക്വിസ് ഉത്തേജകമായ ഒരു വിദ്യാഭ്യാസ—അനുഭവമാകുന്നു. ക്വിസ്സിൽ ചോദ്യത്തിന് കുട്ടി ക്ലാസ്സിന്റെ മുഴുവൻ മുമ്പിൽ ഉത്തരം പറയണം. മിക്ക കുട്ടികൾക്കും സഹജമായ സഭാകമ്പം ഇല്ലാതാക്കാൻ ക്വിസ്സിന്റെ ഈ പ്രദർശനസ്വഭാവം ഉപകരിക്കുന്നു. വിഷയജ്ഞാനം മാത്രമല്ല, ഭാഷാപ്രയോഗസാമർത്ഥ്യവും ക്വിസ്സിൽ പരീക്ഷിക്കപ്പെടുന്നു. ക്വിസ്സിൽ മാർക്കു നേടുന്നതിനു പ്രത്യുത്പന്നബുദ്ധി വളരെ ആവശ്യമാണ്. സ്വിച്ചിട്ടാൽ ഉടൻ കത്തുന്ന ബൾബുപോലെയായിരിക്കും ക്വിസ്സിൽ ജയിക്കുന്നവന്റെ ബുദ്ധി. ചോദ്യം കേൾക്കുന്ന ഉടൻ അയാളുടെ ഉള്ളിൽ ഉത്തരം തെളിയുന്നു. പക്ഷേ, സ്വിച്ചിട്ടാലും മടിച്ചു മടിച്ചും താമസിച്ചുംമാത്രം കത്തുന്ന ട്യൂബ്ലൈറ്റുപോലെയാണ പലരുടേയും ബുദ്ധി. വേണ്ട ഉത്തരം അറിയാമെങ്കിലും, വേണ്ട സമയത്തു തോന്നാത്തതിനാൽ ഇത്തരക്കാർ ജോലികൾക്കായുള്ള കൂടിക്കാഴ്ചകളിലും മറ്റും പലപ്പോഴും പിൻതള്ളപ്പെടുന്നു. ഈമാതിരി കുട്ടികൾക്കു വളരെ പ്രയോജനകരമായ ഒരു പരിശീലനം ക്വിസ്സിലൂടെ നൽകാൻ കഴിയും. വിദ്യാർത്ഥികളുടെ സാമർത്ഥ്യപ്രകടനത്തിനുള്ള അവസരമെന്ന നിലയിലും ക്വിസ്സിന് വിദ്യാഭ്യാസപ്രക്രിയയിൽ ഉയർന്ന സ്ഥാനമുണ്ട്. ക്ലാസ്സുമുറികളിൽ സാധാരണമായ മടുപ്പ് ഒഴിവാക്കാനും, വിദ്യാർത്ഥികളിലും അദ്ധ്യാപകനിലും ഒരുപോലെ നവചൈതന്യം പകരാനും, നല്ല നിലയിൽ നടത്തുന്ന ഒരു ക്വിസ്സിനു കഴിയും.

ക്വിസ് പ്രയോജനകരവും രസകരവുമായ ഒരു വിദ്യാഭ്യാസാനുഭവമാകണമെങ്കിൽ, അതിനു മുൻകൂട്ടിയുള്ള തയ്യാറെടുപ്പ് ആവശ്യമാണ്.

ആദ്യമായി, ഓരോ ക്വിസ്സും നടത്തുന്നതിന്റെ ഉദ്ദേശ്യമെന്താണെന്നതിനെപ്പറ്റി അദ്ധ്യാപകനു തികഞ്ഞ ബോധമുണ്ടാകണം. ഒരു വിഷയം പഠിപ്പിച്ചുകഴിഞ്ഞശേഷമോ, ഒരു പാഠം പഠിപ്പിച്ചുകഴിഞ്ഞശേഷമോ ഒരു ക്വിസ് നടത്തുകയാണെന്നിരിക്കട്ടെ. വിഷയം ഏതെങ്കിലും വിജ്ഞാനശാഖയാവാം, മാനവികശാഖയാവാം. ഏതായാലും അതിൽ ഏതാനും സാങ്കേതികപദങ്ങൾ, സങ്കല്പനങ്ങൾ (കൺസെപ്റ്റ്), താർക്കികചിന്തകൾ, വിവരങ്ങൾ മുതലായവ അടങ്ങിയിരിക്കും; ഇവയിൽ സാങ്കേതികപദങ്ങൾക്കു കണിശമായ നിർവചനം ഉണ്ടായിരിക്കും. സങ്കല്പനങ്ങൾ വിശദമായ വിവരണം ആവശ്യപ്പെടുന്നവയാവും. താർക്കികചിന്തകളിൽ, ഒന്നിൽനിന്നു മറ്റൊന്നിലേക്ക് അനുക്രമമായ പുരോഗതി കാണും. വിവരങ്ങൾ അല്ലെങ്കിൽ വസ്തുതകൾ തമ്മിലും പൗർവ്വാപര്യം, വൈരുദ്ധ്യം, കാര്യകാരണഭാവം മുതലായ ബന്ധങ്ങളുണ്ടായിരിക്കും. പാഠങ്ങൾ ചിലപ്പോൾ ആസ്വാദനപ്രധാനങ്ങളായിരിക്കും. അപ്പോൾ ആസ്വാദ്യങ്ങളായ ഘടകങ്ങൾ (ഒരു വികാരം, ഒരു

ഉക്തിവൈചിത്ര്യം അങ്ങനെ പലതും) വേർതിരിച്ച് നിർധാരണം ചെയ്യപ്പെടേണ്ടതുണ്ട്. ചിലപ്പോൾ പുതിയ പദങ്ങളും വാക്യസംരചനാരീതികളും മനസ്സിലാക്കിക്കൊടുക്കുകയാവും പാഠത്തിന്റെ ഉദ്ദേശ്യം. ഇതെല്ലാം ഉള്ളിൽ വ്യക്തമായി കണ്ടും, ഇക്കാര്യങ്ങൾ വിദ്യാർത്ഥികളുടെ മനസ്സിൽ എത്രമാത്രം സ്ഫുടമായും ആഴത്തിലും പതിഞ്ഞിരിക്കുന്നു എന്നു മനസ്സിലാക്കാനുപകരിക്കുന്ന തരത്തിലും വേണം ക്വിസ്സിലെ ചോദ്യങ്ങൾ അദ്ധ്യാപകൻ തയ്യാറാക്കേണ്ടതു്.

നാല്പതു കുട്ടികളുള്ള ഒരു ക്ലാസ്സിലാണ് ക്വിസ് നടത്തുന്നതെന്നിരിക്കട്ടെ. ക്വിസ്സിന്റെ സമയം ഒരു മണിക്കൂറാണെന്നും വയ്ക്കുക. സാധാരണഗതിയിൽ ഓരോ കുട്ടിയോടും മുമ്മൂന്നു ചോദ്യം വീതം ചോദിക്കാൻ ഇത്രയും സമയം മതിയാകും. അപ്പോൾ ക്വിസ്സിനു് ആകെ നൂററിയിരുപതു ചോദ്യങ്ങൾ മുൻകൂട്ടി തയ്യാറാക്കിയിരിക്കണം.

ചോദ്യങ്ങൾ മൂർത്തങ്ങളായിരിക്കണമെന്നതാണ് ഒരു പ്രധാന കാര്യം. കണിശവും ഹ്രസ്വവുമായ ഉത്തരം നൽകാൻ കഴിയുന്നവിധത്തിലായിരിക്കണം അവ. ഉദാഹരണത്തിനു്, സാങ്കേതികപദങ്ങളെ എടുക്കുക. അവയ്ക്കോരോന്നിനും നിയതമായ നിർവചനം ഉണ്ടായിരിക്കുമല്ലോ. വിദ്യാർത്ഥികൾ ഇദംപ്രഥമമായി പരിചയപ്പെടുന്ന സാധാരണ പദങ്ങളും ചോദ്യങ്ങൾക്കു വിഷയമാക്കാം. അവയ്ക്കു നിഘണ്ടുവിൽ നിശ്ചിതമായ അർത്ഥം നൽകിയിരിക്കുമല്ലോ.

ഇത്തരം ലളിതങ്ങളായ ചോദ്യങ്ങൾ ഒരുവട്ടം ചോദിച്ച്, കുട്ടികളുടെ ഭയവും സങ്കോചവും തീർത്തശേഷം, കുറച്ചുകൂടി വിഷമംപിടിച്ച, മൂന്നോ, നാലോ വാക്യങ്ങളിൽ ഉത്തരം പറയേണ്ട ചോദ്യങ്ങളിലേക്കു കടക്കാം. സങ്കല്പനങ്ങൾ, ലഘുനിയമങ്ങൾ മുതലായവയെപ്പററിയാകാം ഈ വട്ടത്തിലെ ചോദ്യങ്ങൾ. ഇവയ്ക്കു് വിദ്യാർത്ഥികൾ രണ്ടോ, മൂന്നോ വാക്യങ്ങൾകൊണ്ട് ഉത്തരം പറയേണ്ടിവരും.

പിന്നീട് വസ്തുതകളെപ്പററിയുള്ള ചോദ്യങ്ങളാവാം. ഇത്തരം ചോദ്യങ്ങൾ മുഖ്യമായുംവിദ്യാർത്ഥികളുടെ ഓർമ പരീക്ഷിക്കാനുള്ളവയാണ്. ഇതും ആവശ്യംതന്നെ. അതോടൊപ്പം, വസ്തുതകൾ തമ്മിലുള്ള പരസ്പരബന്ധം ചോദ്യത്തിനു വിഷയമാക്കിയാൽ, ഓർമയോടൊപ്പം യുക്തിപൂർവം ചിന്തിക്കാനുള്ള കഴിവും പരീക്ഷിക്കാൻ ക്വിസ് ഉപയോഗപ്പെടും.

ക്വിസ്സിൽ ഉത്തരങ്ങൾ കേട്ട ഉടൻതന്നെ അദ്ധ്യാപകൻ തന്റെ കൈയിലുള്ള വിദ്യാർത്ഥികളുടെ പട്ടികയിൽ മാർക്കു രേഖപ്പെടുത്തണം. കാരണം, പറഞ്ഞു കഴിഞ്ഞതോടെ ഉത്തരം ഇവിടെ നഷ്ടപ്പെട്ടുപോവുകയാണല്ലോ. ക്വിസ് അവസാനിക്കുന്നതോടെ ഓരോരുത്തർക്കും കിട്ടിയ മാർക്കു വെളിപ്പെടുത്തുന്നതും നല്ലതാണ്. വിദ്യാർത്ഥികൾ തമ്മിൽ പ്രയോജനകരവും ആരോഗ്യകരവുമായ മത്സരം വളർത്താൻ ഇതു് ഉപകരിക്കും.

എഴുത്തുപരീക്ഷയെ അപേക്ഷിച്ച് പല മെച്ചങ്ങളുണ്ടെങ്കിലും ക്വിസ്സിനു് അതിന്റേതായ പരിമിതികളുമുണ്ട്. മൂല്യനിർണയനത്തിനുള്ള ഒരു പരുക്കൻ ഉപകരണമാണ് ക്വിസ്. വിഷയജ്ഞാനം കുറവെങ്കിലും വായ്പ്പിരട്ട് ഏറെയുള്ള വിദ്യാർത്ഥികൾ അതിൽ മെച്ചം കൊണ്ടുപോകുന്നു. ക്വിസ്സിൽ ഉൾപ്പെടുത്താവുന്ന വിഷയങ്ങളും പരിമിതങ്ങളാണ്. എഴുതിയ ഒരു ഉത്തരത്തിൽ എന്നപോലെ, അത്ര വ്യക്തമായി, വിദ്യാർത്ഥിയുടെ അറിവും ആവിഷ്കരണപാടവവും, വാചികമായ ഉത്തരത്തിൽ തെളിഞ്ഞുകണ്ടില്ലെന്നുവരും. എന്നാലും, മൂല്യനിർണയോപാധി എന്ന നിലയിൽ ക്വിസ് വളരെയധികം ഫലപ്രദമാണെന്ന സംഗതിയിൽ രണ്ടുപക്ഷമില്ല. അതുകൊണ്ടുതന്നെ പരിഷ്കൃതരാജ്യ

ങ്ങളിലെ വിദ്യാഭ്യാസപ്രക്രിയയിൽ ക്വിസ്സുകൾ സമുന്നതമായ സ്ഥാനം നേടിക്കഴിഞ്ഞിട്ടുമുണ്ട്. എഴുത്തുപരീക്ഷയുടെ പൂരകങ്ങളെന്ന നിലയിൽ ക്വിസ്സുകൾ വളരെയധികം വിലമതിക്കപ്പെടുന്നു.

ക്വിസ്സുകൾ നടത്തുന്നതു നോട്ടീസ് കൊടുത്തോ, കൊടുക്കാതെയോ ആവാം. അതായതു് ഇന്ന ദിവസം ഇന്ന സമയത്തു് ഇന്ന വിഷയത്തെ അല്ലെങ്കിൽ ഇന്ന പാഠത്തെ, അധികരിച്ച് ക്വിസ് നടത്തുമെന്ന് മുൻകൂട്ടി പ്രഖ്യാപിച്ച് വിദ്യാർത്ഥികളെക്കൊണ്ട് അതിനു തയ്യാറെടുപ്പിക്കാം. അതല്ലെങ്കിൽ, അവർക്കു മുൻകൂട്ടി അറിവു കൊടുക്കാതെ, പെട്ടെന്ന് ക്വിസ് നടത്താം. ഈ രണ്ടു സമ്പ്രദായങ്ങൾക്കുമുണ്ട് അവയുടേതായ മെച്ചങ്ങൾ. രണ്ടും ഇടകലർത്തി പ്രയോഗിക്കുന്നതു വളരെയധികം ഫലപ്രദമാണെന്നത്രേ അനുഭവം.

ക്വിസ് ഇനിയും നമ്മുടെ വിദ്യാഭ്യാസപദ്ധതിയുടെ ഭാഗമായിക്കഴിഞ്ഞിട്ടില്ല. റേഡിയോ, ശാസ്ത്രസാഹിത്യപരിഷത്തുപോലെയുള്ള സംഘടനകൾ മുതലായവയുടെ ആഭിമുഖ്യത്തിലാണ് ഇപ്പോൾ സാധാരണയായി ക്വിസ്സുകൾ നടക്കുന്നതു്. ഇവ സ്കൂൾ—കോളേജ് വിദ്യാഭ്യാസത്തിന്റെ ജൈവാവയവങ്ങളായിത്തീരണം. ഏതു ക്ലാസ്സിലും ക്വിസ് നടത്താം. ഏതു വിഷയത്തെപ്പററിയും ക്വിസ് നടത്താം. ഏതു സമയത്തും ഏതു പരിതഃസ്ഥിതിയിലും അതു നടത്താം. അദ്ധ്യാപകൻ തയ്യാറാണെങ്കിൽ, കുട്ടികൾ അതിൽ ആഹ്ളാദത്തോടെ പങ്കെടുക്കുമെന്നതിൽ യാതൊരു സംശയവുമില്ല. അടുത്ത ക്ളാസ്സിൽനിന്ന് ഏതാനും സന്ദർശകരെക്കൂടി ഉൾപ്പെടുത്തിയാൽ, ക്വിസ്സിന്റെ രസം പതിന്മടങ്ങു വർദ്ധിക്കും. ആഴ്ചയിൽ ഒരു മണിക്കൂർ ഓരോ ക്ളാസ്സിലും ക്വിസ്സിനു നീക്കിവച്ചാൽ അതൊരിക്കലും സമയത്തിന്റെ വൃഥാവ്യയമാവുകയില്ല.

പ്രതിഭയും ഭാവനയും ഉത്സാഹവും പുരോഗമനവാഞ്ഛയുമുള്ള അദ്ധ്യാപകരുടെ ശ്രദ്ധ ഈ വിഷയത്തിൽ പതിഞ്ഞുകാണാൻ ആഗ്രഹിക്കുന്നു.

(29 ജൂൺ, 1982)

## 97. നഴ്സറി സ്കൂളുകൾ

അഞ്ചു വയസ്സു തികഞ്ഞ കുട്ടികളെയാണ് ഇപ്പോൾ കേരളത്തിലെ പ്രാഥമികവിദ്യാലയങ്ങളിൽ പ്രവേശിപ്പിക്കുന്നതു്. പ്രാഥമികവിദ്യാലയങ്ങളിൽ ചേർക്കുന്നതിനുമുമ്പു രണ്ടോ, മൂന്നോ വർഷം നീണ്ടുനിൽക്കുന്ന നഴ്സറി (പ്രീ പ്രൈമറി) വിദ്യാഭ്യാസം കുട്ടികൾക്കു നൽകണമെന്ന തത്ത്വം പരിഷ്കൃതരാജ്യങ്ങളെല്ലാം സ്വീകരിച്ചു നടപ്പിൽ വരുത്തിക്കഴിഞ്ഞിട്ടുണ്ട്. പ്രൈമറി—സെക്കണ്ടറി—കോളേജ് തലങ്ങളിലുള്ള വിദ്യാഭ്യാസത്തിനു നൽകുന്നത്രയോ, ചിലപ്പോൾ അതിലധികമോ, ശ്രദ്ധ ഏതാനും രാജ്യങ്ങൾ നഴ്സറി വിദ്യാഭ്യാസകാര്യത്തിൽ പ്രദർശിപ്പിച്ചുവരുന്നു. പൗരന്മാരുടെ മാനസികവും ശാരീരികവുമായ ആരോഗ്യത്തിന് അസ്ഥിവാരമിടുന്നതെന്ന നിലയിൽ നഴ്സറിവിദ്യാഭ്യാസത്തിനുള്ള പരമപ്രാധാന്യം ഇന്നു സാർവത്രികമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

നഴ്സറിപ്രായത്തിലുള്ള, അതായതു് മൂന്നുമുതൽ അഞ്ചുവരെ വയസ്സുള്ള, ഒമ്പതു ലക്ഷത്തോളം കുട്ടികൾ കേരളത്തിൽ ഉണ്ടത്രെ. ഒരു നഴ്സറിസ്കൂളിൽ പരമാവധി മുപ്പത്തഞ്ചു കുട്ടികളെ മാത്രമേ പ്രവേശിപ്പിക്കാവൂ